മാതൃഭൂമി

# വരം ഡോ



ഡോ.നരഹരി

കെ.വിനോദ്ചന്ദ്രൻ

പുരപോലെ വലിയ കാലുമായി ജീവിതം ദുസ്സഹമായ സാഹചര്യത്തിൽ 'മാതൃഭൂമി'യിൽ വായിച്ച ഒരു വാർത്ത തൃശ്ശൂർ പെരിഞ്ഞനത്തെ എം.കെ.ബിനുവിന് ഒരു വൻ വഴിത്തിരിവ് മാത്രമല്ല, ജീവിതം കെട്ടിപ്പടുക്കുന്നതിനുള്ള നേർവഴിയുമായി. മന്തുരോഗം മൂലം കാൽ തടിച്ചുവീർത്ത് തികച്ചും ഒറ്റപ്പെടലിൻെറ നിഴലിലായ അവസരത്തിലാണ് യാദൃച്ഛികമായി കാസർകോട്ടെ ഡോ. എസ്. ആർ.നരഹരിയുടെ ഫലപ്രദമായ ചികിത്സയെപ്പറ്റിയുള്ള വാർത്ത 'മാതൃഭൂമി' പത്രത്തിൽ കാണാനിടയായത്. പിന്നെ ഒന്നുമാലോചിക്കാതെ നേരെ വന്നത് കാസർകോട്ടേക്ക്. കോട്ടക്കണ്ണി റോഡിലെ ഐ.എ.ഡി (ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് അപ്ലൈഡ് ഡർമറ്റോളജി)യിലെ രജിസ്റ്ററിൽ ഇന്നും കാണാം. എം.കെ.ബിനു, റഫർ ബൈ 'മാതൃഭൂമി' എന്ന്.

ഡോ. നരഹരിയുടെ ചികിത്സയിലൂടെ രോഗം ഭേദപ്പെട്ട ബിനു ഇപ്പോൾ ഐ.എ.സിയുടെ ആലപ്പുഴ ചേർത്തല യൂണിറ്റിലെ ജീവനക്കാരൻ കൂടിയാണ്. 'ജീവിതം എനിക്ക് തിരിച്ചുകിട്ടിയത് ഐ.എ.സിയിലൂടെയാണ്. ഇപ്പോൾ അവിടെത്തന്നെ ജോലിചെയ്യുന്നത് ഭാഗ്യവും'- ബിനു മനസ്സുതുറന്നു. ബിനുവിനെപ്പോലെ തന്നെ മന്തുരോഗവുമായി ഐ.എ.സിയിലെത്തി രോഗം മാറിയ മലപ്പുറം നിലമ്പൂരിലെ ചന്ദ്രയെയാണ് ജീവിതസഖിയാക്കിയത്. കഴിഞ്ഞ മാസമായിരുന്നു ഇവരുടെ വിവാഹം. മന്തുരോഗ ചികിത്സയുടെ ഭാഗമായി മസാജ് ചെയ്യുന്ന ജോലിയാണ് ബിനുവും ഭാര്യ ചന്ദ്രയും ചെയ്യുന്നത്. രോഗവുമായി എത്തി ചികിത്സിച്ച് ഭേദമാക്കിയ ശേഷം അതേ സ്ഥാപനത്തിൽ തന്നെ ജോലിചെയ്യുന്ന അപൂർവഭാഗ്യവും ഇരുവരും കൈവരിച്ചത് ഐ.എ.സിക്ക് തന്നെ മുതൽക്കൂട്ടായി.

ബിനുവിനെയും ചന്ദ്രയെയും പോലെ കൊടിയ മന്തുരോഗത്തിൽനിന്ന് രക്ഷപ്പെട്ട് സാധാരണ ജീവിതത്തിലേക്ക് തിരിച്ചുവന്ന നിരവധി പേർക്ക് താങ്ങായത് നരഹരിയുടേയും ടീമിൻെറയും ചികിത്സകൊണ്ടൊന്നുമാത്രം. ലോകം ഇന്ന് ഉറ്റുനോക്കുകയാണ്. കുറഞ്ഞ ചെലവിലും സങ്കര ചികിത്സയിലൂടെയും അത്ഭുതം സൃഷ്ടിക്കുന്ന ഐ.എ.സിയെപ്പറ്റി. ലോകാരോഗ്യ സംഘടന വരെ മുക്തകണ്ഠം പ്രശംസിച്ച കാസർകോട്ടെ മന്തുരോഗ ചികിത്സയെപ്പറ്റി ഇന്ന് യൂറോപ്പിലും അമേരിക്കയിലും നടക്കുന്ന ആരോഗ്യ സെമിനാറുകളിൽ ചർച്ചയാവുകയാണ്. പലരും ഇവിടെ ഇത് പഠിക്കാനെത്തുന്നു. ഈ ചികിത്സാവിപ്ലവത്തെപ്പറ്റി നേരിട്ടറിയാൻ.

മന്തുമൂലം കാലിൽ വ്രണവുമായി പൊട്ടിയൊലിക്കുന്ന സ്ഥിതിയിലായ ഭാര്യയെ മലപ്പുറം സ്വദേശി മൊഴിചൊല്ലിവിട്ടു. തുടർന്ന് അവരുടെ മകനാണ് ഇവരെ കാസർകോട്ടെ ഐ.എ.സിയിലെത്തിച്ചത്. സുഖമായപ്പോൾ നേരത്തെ മൊഴിചൊല്ലിയ ഭർത്താവ് തന്നെ സ്വീകരിച്ച് കൂട്ടിക്കൊണ്ടുപോയതിനും ഡോക്ടർമാരും ജീവനക്കാരും സാക്ഷികളായി.

ബാംഗ്ലൂരിൽ ചികിത്സിച്ച ശേഷം ഒരു പുരോഗതിയുമില്ലാത്തതിനാൽ ബാംഗ്ലൂർ കെ.വി.ലൈൻ സ്വദേശി ലളിത (48) രണ്ടുമാസം മുമ്പായിരുന്നു കാസർകോട്ടെത്തിയത്. ഒരു മാസത്തെ ചികിത്സയ്ക്കുശേഷം അൾസർ ബാധിച്ച 98 സെൻറീമീറ്റർ വലിപ്പമുള്ള കാൽ 71.5 സെൻറീമീറ്ററായി കുറഞ്ഞു. ചികിത്സ തുടങ്ങി രണ്ടാഴ്ചകൊണ്ടുതന്നെ അൾസർ നിശ്ശേഷം പോയിരുന്നു. ഇപ്പോൾ ബാംഗ്ലൂരിലേക്ക് മടങ്ങി സാധാരണ ജീവിതം നയിക്കുന്ന ലളിതയ്ക്കും ഇത് വിശ്വസിക്കാനാകുന്നില്ല.

30 വർഷം ചികിത്സിച്ചിട്ടും ഭേദമാകാതെ ഒടുവിൽ ഐ.എ.സിയിൽ വന്ന് പൂർണമായും സുഖപ്പെട്ട അറുപത്തേഴുകാരിയായ പുണെ സ്വദേശിനി, ഇനിയൊരിക്കലും നടക്കാനാകില്ല എന്ന നിലയിൽനിന്ന് സാധാരണ സ്ഥിതിയിലെത്താൻ കഴിഞ്ഞ മുംബൈക്കാരി സന്ധ്യ ഇവർക്കൊക്കെ ഡോ. നരഹരി ദൈവതുല്യൻ തന്നെ. ഇങ്ങനെ 20 വർഷത്തിനിടയിൽ മൊത്തം 1500ലധികം മന്തുരോഗികൾക്കാണ് ഐ.എ.സി. രക്ഷകരായത്. ഭാരമേറിയ കാൽ വലിച്ച്നീട്ടി വെക്കുന്ന സ്ഥിതിയിൽ നിന്ന് തികച്ചും അനായാസകരമായ ജീവിതത്തിൽ തിരിച്ചെത്തിയവർ.

അലോപ്പതിയും ആയുർവേദവും ഹോമിയോയും യോഗയും ചേർന്നുള്ള ഒരു മിശ്രിതചികിത്സ. അതും ലോകത്തില ഏറ്റവും കുറഞ്ഞ ചെലവിൽ. മംഗലാപുരം കെ.എം.സി.


# തന്ന
# ാക്ടർ

യിൽ നിന്ന് ത്വക്രോഗ വിഭാഗത്തിൽ (ഡെർമറ്റോളജി) എം.ഡി. ബിരുദം നേടിയ കാസർകോട് കറന്തക്കാട് സ്വദേശി നരഹരി ഇത്തരമൊരു ചികിത്സാ രീതിയുടെ വിത്ത് പാകിയത് 1990ലാണ്. അന്ന് പല അലോപ്പതി ഡോക്ടർമാരും ഇതിനെ പരിഹസിച്ചു. ആയുർവേദവും ഹോമിയോയും കൂടി ചേർന്നൊരു അലോപ്പതി ചികിത്സയോ? അവർ മൂക്കത്ത് വിരൽ വച്ചു. സംസ്ഥാന-ദേശീയ തലത്തിലും അവഗണന തന്നെ. പക്ഷേ തൻേറതായ പാതയിലൂടെ അതിവേഗം ഫലം കണ്ടുതുടങ്ങിയ വിദ്യ രോഗികൾക്ക് അനുഗ്രഹമായതോടെ വിമർശകരുടെ നാവടഞ്ഞു. പിന്നെ മന്തുരോഗ ചികിത്സാരംഗത്ത് ഒരു വിപ്ലവം തന്നെ സൃഷ്ടിച്ച് മുന്നേറുകയായിരുന്നു ഡോ. നരഹരി. അങ്ങനെയാണ് അന്താരാഷ്ട്ര രംഗങ്ങളിൽ പോലും വൈദഗ്ധ്യം തെളിയിക്കപ്പെട്ടത്. ഒടുവിലിതാ ലോകാരോഗ്യ സംഘടന വരെ പ്രശംസ ചൊരിഞ്ഞിരിക്കുന്നു.

ഇപ്പോൾ ചേർത്തലയിലും ഗുൽബർഗയിലും ആരംഭിച്ച ഐ.എ.ഡി യൂണിറ്റുകൾ കേന്ദ്രസർക്കാരിൻെറ സഹായത്തോടെയാണ് പ്രവർത്തിക്കുന്നത്. കാസർകോട് കോട്ടക്കണ്ണി റോഡിൽ പ്രവർത്തിക്കുന്ന ഐ.എ.ഡിയുടെ ചികിത്സാകേന്ദ്രത്തിൽനിന്ന് ഇതിനകം 989 മന്തുരോഗികളെ ചികിത്സിച്ചു ഭേദമാക്കി. ചേർത്തലയിൽ 220 പേർക്കും ഗുൽബർഗയിൽ 309 പേർക്കും ചികിത്സ വലിയ കടാക്ഷമായി. ഇപ്പോൾ ഗുൽബർഗയിൽ നിത്യേന പനിരോഗികൾ എത്തുന്നതുപോലെയാണ് മന്തുരോഗികൾ വന്നുകൊണ്ടിരിക്കുന്നതെന്ന് ഡോ.നരഹരി പറഞ്ഞു. 80 രാജ്യങ്ങളിൽ മന്ത്രോഗം ഉണ്ടെങ്കിലും ഏറ്റവും കൂടുതൽ ഇന്ത്യയിലാണ്. ഇന്ത്യയിൽ രണ്ടുകോടി മന്തുരോഗികൾ ഉള്ളപ്പോൾ അതിൽ 15 ശതമാനവും കേരളത്തിലാണ്. വൃത്തിഹീനമായ പരിസര പ്രദേശങ്ങളും കൊതുകുമാണ് മന്തുരോഗം പരത്തുന്നത്. ഇവ ഇല്ലാതാക്കാൻ കഴിയാത്തതാണ് നമ്മുടെ ഈ ദുരവസ്ഥക്ക് കാരണവും. കൊതുകുകൾ പെരുകുന്ന നാട്ടിൽ മന്തുരോഗവും കൂടുന്നു.

വീർത്ത കാലുമായി എത്തുന്ന രോഗികൾക്ക് അധികം വൈകാതെ ആശ്വാസം ലഭിക്കുന്ന ചികിത്സാരീതിയാണ് ഇവിടത്തേത്. അലോപ്പതി, ആയുർവേദ, ഹോമിയോ ഡോക്ടർമാർ ചേർന്ന് ആദ്യം രോഗിയെ പരിശോധിക്കും. മന്തിൻെറ അളവിൻെറ ഫോട്ടോയെടുക്കുന്നു. പരിശോധനയുടെ ഭാഗമായി രോഗിക്ക് കൗൺസലിങ്ങും നല്കും. വീക്കം കുറയാനായി ആയുർവേദ എണ്ണ മസാജും പിന്നീട് ബാൻഡേജ് ചെയ്യലുമാണ് അടുത്തതായി ചെയ്യുക. ദിവസേന ഒന്നര മണിക്കൂർ വീതം ചികിത്സയാണ്. ഇതോടൊപ്പം യോഗയും അഭ്യസിപ്പിക്കും. പ്രാണായാമമാണ് പ്രധാനം. 14 ദിവസത്തെ ആസ്പത്രി ചികിത്സയ്ക്കു ശേഷം വീട്ടിൽ പോകാം. തുടർന്ന് വീട്ടിൽ നിന്നുകൊണ്ടുതന്നെ ചികിത്സ തുടരുന്ന രീതിയാണ് അവലംബിക്കുന്നത്. ബാൻഡേജ് എങ്ങനെ കെട്ടാം, മസാജ് എങ്ങനെ ചെയ്യാം എന്നതിനെപ്പറ്റി വീട്ടുകാരെ തന്നെ പറഞ്ഞു മനസ്സിലാക്കുന്നുണ്ട്. വീട്ടിൽനിന്നു തന്നെ ഇതു ചെയ്യുമ്പോൾ ചികിത്സാ ചെലവ് കുറയും. സ്വയം ചികിത്സയും വീട്ടുകാരുടെ പിന്തുണയും ലഭിക്കുന്നതോടെ രോഗം പൂർണമായും ഭേദപ്പെടുന്നു. ഇങ്ങനെ വീട്ടിലിരുന്ന് ചികിത്സ നടത്താൻ പ്രതിമാസം 400രൂപയേ ചെലവ് വേണ്ടിവരൂ. രോഗം കൂടുതലുള്ളവരിൽ മൂന്നുമാസം കൊണ്ട് ഭേദമാകുന്നു.

ഡോ.നരഹരിയെ സഹായിക്കാൻ ഡോക്ടർമാരായ ബോസ്, ഗുരുപ്രസാദ് അഗ്ഗിത്തായ, സുഷമ എന്നിവരുണ്ട്. ഇവരുടെ കൂട്ടായ ശ്രമത്താൽ ഐ.എ.ഡി ലോകശ്രദ്ധ പിടിച്ചുപറ്റി. ഒപ്പം മന്തിനൊരു ശാശ്വത പരിഹാരം ഇ... മെന്ന ലക്ഷ്യത്തിലേക്കും...



**ഡോ.നരഹരി ചികിത്സിച്ച് ഭേദമാക്കിയ മന്തുരോഗിയുടെ കാലുകൾ. 1. ചികിത്സ തുടങ്ങുമ്പോൾ, 2. ഒന്നര മാസത്തെ ചികിത്സയ്ക്കുശേഷം, 3. ഏഴുമാസത്തെ ചികിത്സയ്ക്കുശേഷം**